കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

**പ്രസിദ്ധീകരണത്തിന്**

തീയതി 22.05.2020

കേരളത്തിലെ ദേശീയപാത 66 കർണ്ണാടക അതിർത്തി മുതൽ തലപ്പാടി - കാസർഗോഡ് - കണ്ണൂർ - പൊന്നാനി - ഇടപ്പള്ളി - എറണാകുളം - തിരുവനന്ത പുരം തമിഴ്നാട് അതിർത്തി വരെയും, ദേശീയപാത 744 കൊല്ലം - കോട്ടവാസൽ, ദേശീയപാത 85 കൊച്ചി - ബോഡിമെട്ട്, ദേശീയപാത 966 കോഴിക്കോട് - പാലക്കാട് എന്നീ ദേശീയപാതകളുടെ പുനരുദ്ധാരണവും അറ്റകുറ്റപ്പണികളും ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിച്ചതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു.

കേരളത്തിലൂടെ കടന്ന് പേകുന്ന മുകളിൽപ്പറഞ്ഞ ദേശീയപാതകൾ കാലാ വധി കഴിഞ്ഞാലും ഉപരിതലം പുതുക്കുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലായം തുക സമയാസമയങ്ങളിൽ അനുവദിച്ചിരു ന്നില്ല. ഇത് പലപ്പോഴും സംസ്ഥാന സർക്കാരിനെതിരെ ജനരോഷം ഉണ്ടാകുന്നതിന് കാരണമാക്കിയിട്ടുണ്ട്. ഈ ദേശീയപാതകൾ ഭാരത്മാല പദ്ധതിയിൽ ഉൾപ്പെടുത്തി ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ വഴി നടപ്പാക്കുവാനാണ് കേന്ദ്ര സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. അതേ അവസരത്തിൽ സംസ്ഥാനത്ത് ദേശീയ പാത അതോറിറ്റി ഓഫ് ഇന്ത്യ ഏറ്റെടുത്തിട്ടുള്ള ദേശീയപാതകളുടെ പല റീച്ചുകളു ടെയും നിർമ്മാണം അനന്തമായി നീണ്ടു പോവുകയാണ്. തൃശൂർ-പാലക്കാട് ജില്ല കളെ ബന്ധിപ്പിക്കുന്ന കുതിരാൻ തുരങ്കത്തിന്റെ നിർമ്മാണം ഇതിന് ഉദാഹരണമാ ണ്. സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം പരിപാലിച്ച് പോരുന്ന പ്രസ്തുത ദേശീയപാതകളുടെ റീച്ചുകൾ അടിയന്തിരമായി ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് ഈ ഉത്തരവ് പ്രകാരം കൈമാറാൻ നിർദ്ദേശം നൽകി യിട്ടുള്ളതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു.

പ്രസ്തുത വിജ്ഞാപനം നിലവിൽ വന്നതോടുകൂടി കേരളത്തിലെ പ്രധാന പ്പെട്ട നാല് ദേശീയപാതകളുടെയും നിർമ്മാണ പരിപാലന ചുമതല ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് ആയിരിക്കും.